SUNDAY 19/04/2026 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/04/2026

1. നാളികേര വികസന ബോർഡിന്റെ ഫാമിൽ ഉല്പാദിപ്പിച്ച നല്ലയിനം തെങ്ങിൻ തൈകൾ ഈ മാസം 21 ന (21.04.2026) നാളികേര വികസന ബോർഡിന്റെ കൊച്ചി ആസ്ഥാനത്ത് നടക്കുന്ന മാസചന്തയിൽ വില്പന നടത്തുന്നു. തൈകൾ ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്. വിൽപന 21.04.2026 ന് മാത്രമായിരിക്കും. ഫാമിലെ മറ്റ് കാർഷിക ഉത്പ്പന്നങ്ങളുടെ വിൽപനയും ഉണ്ടായിരിക്കുന്നതാണ്. ബുക്കിംഗിനും മറ്റ് വിവരങ്ങൾക്കുമായി വിളിക്കേണ്ട നമ്പർ 0485- 2554240.

2. വെറ്ററിനറി സർവ്വകലാശാലയുടെ മണ്ണുത്തിയിലുള്ള യൂണിവേഴ്സിറ്റി പൗൾട്രി & ഡക്ക് ഫാമിൽ ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ എല്ലാ ആഴ്ചയും വ്യാഴം, വെള്ളി ദിവസങ്ങളിൽ വില്പന നടത്തുന്നു. നൂറു കുഞ്ഞുങ്ങൾക്ക് മേൽ വാങ്ങാൻ ആഗ്രഹിക്കുന്നവർക്കും, എല്ലാ ഇനം കൊത്തുമുട്ടകൾ വാങ്ങാൻ ആഗ്രഹിക്കുന്നവർക്കും മുൻകൂർ പണമടച്ച് ബുക്കിങ് സൗകര്യവും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9495771178, 0487- 2371178 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

3. വെള്ളായണി കാർഷിക കോളേജിലെ CAITT ട്രെയിനിങ് ഹാളിൽ ഈ മാസം 21-ന് രാവിലെ 9.30 മണി മുതൽ 4 മണി വരെ നഴ്സറി പരിപാലനം എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപ. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) “Soil Health Management” എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവര് www.celkau.in എന്ന വെബ്സൈറ്റിലെ ‘ഇ-കൃഷി പാഠശാല’ മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 15 മെയ് 2026. 15 ജൂൺ 2026-ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റില് ലഭ്യമാണ്. സംശയങ്ങൾക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

5. റബ്ബർബാൻഡ്, കൈയ്യുറ, കയർ ഫോം, കാർപറ്റ് ബാക്കിങ്, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണവും ഗുണമേന്മാനിയന്ത്രണവും; റബ്ബർപാൽ സംഭരണം, സാന്ദ്രീകരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന, എന്നിവയിലുള്ള പരിശീലനം 2026 ഏപ്രിൽ 20 മുതൽ 24 വരെയുള്ള തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 9497487209 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ-മെയിൽ: training@rubberboard.org.in.

## കാർഷിക നിർദേശം

6. നന സൗകര്യം ഉള്ളവർക്ക് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ഈ മാസം ആരംഭിക്കാം. വെള്ളരി വർഗ്ഗ ങ്ങൾ. വഴുതന വർഗ വിളകൾ, ചീര, വെണ്ട എന്നിവയ്ക്ക് പറ്റിയ സമയമാണ്. നമുക്ക് വർഷം മുഴുവൻ വേണ്ട ഭക്ഷണവസ്തുക്കളാണ് പച്ചക്കറികൾ, വീട്ടുവളപ്പുകളിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പോഷകത്തോട്ടം നിർമ്മിച്ച് വർഷം മുഴുവൻ വിളവെടുക്കുന്ന രീതിയിൽ വിള പരിക്രമം (Crop rotation) നടത്തി പരി പാലിക്കണം. പച്ചക്കറി തൈകൾക്കായി VFPCKയുടെ ജില്ലാ കേന്ദ്രങ്ങളുമായും ആലത്തൂരിലെ വിത്ത്ഉപാദന കേന്ദ്രവുമായും (04922222706) നാഷണൽ സീഡ് കോർപ്പറേഷ (0491 2566414) നുമായും ബന്ധപ്പെടാം. കൃഷിവകുപ്പിന്റെ ഫാമുകൾ. ആഗ്രോ സർവീസ് സെന്ററുകൾ, ബ്ലോക്ക് ലെവൽ നഴ്സറികൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെടാം. പുതിയ വിളകൾ നടാൻ തയ്യാറെടുക്കുമ്പോൾ പഴയ വിളയുടെ മുഴുവൻ അവശിഷ്ടങ്ങളും നീക്കം ചെയ്യണം. ഇല്ലെങ്കിൽ അവയിലുള്ള രോഗ കീടങ്ങൾ വേഗം തന്നെ പുതിയ വിളകളിലേക്ക് വ്യാപിക്കും. നല്ല സൂര്യപ്രകാശം കിട്ടുന്ന ഇടങ്ങളിൽ തന്നെ വേണം പച്ചക്കറികൾ നടാൻ കുഴികൾ എടുക്കുന്ന സമയത്ത് തന്നെ ആവശ്യമായ അളവിൽ കുമ്മായപ്രയോഗം നടത്താൻ മറക്കരുത്. ഓരോ രണ്ടാഴ്ച കൂടുമ്പോഴും ജീവാമൃതം, വളച്ചായ ഇവയിൽ ഏതെങ്കിലും ഒന്ന് തടങ്ങളിൽ ഒഴിച്ചു കൊടുക്കണം.